മൂന്ന് മാസത്തിനുള്ളിൽ ഇടുക്കി ജില്ലയിൽ മാത്രം 731 പട്ടയങ്ങൾ മുൻ വന ഭൂമി കൈവശക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(633) തിരുവനന്തപുരത്ത് എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ സ്ഥലം പതിച്ചുനൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെ പേർക്കാണ് സ്ഥലം പതിച്ചു നൽകിയതെന്ന് വെളിപ്പെടുത്തുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ട്രസ്റ്റിന്റെ പേരിലാണ് പതിച്ചുനൽകിയതെങ്കിൽ ആ ട്രസ്റ്റ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും രജിസ്ട്രേഷൻ നമ്പർ എത്രയാണെന്നും വെളിപ്പെടുത്തുമോ,

(ഡി) ട്രസ്റ്റ് രജിസ്റ്റർ ചെയ്ത് സ്ഥലം ആവശ്യപ്പെടുമ്പോഴുള്ള അംഗങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഇ) ഈ ട്രസ്റ്റ് ഇപ്പോഴും നിലവിലുണ്ടോ എന്നും ഏതുവരെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ പഠന ഗവേഷണ സ്ഥാപനം നിലവിൽവന്നശേഷം എപ്പോഴെങ്കിലും സ്ഥലം അനുവദിച്ച് നൽകിയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് അനുസൃതമായാണോ സ്ഥലം വിനിയോഗിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതെന്നാണെന്നും പരിശോധിച്ച ഉദ്യോഗസ്ഥൻ ആരാണെന്നും പരിശോധനാഫലം എന്തായിരുന്നുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെക്രട്ടറി എ.കെ.ജി. മെമ്മോറിയൽ കമ്മിറ്റി തിരുവനന്തപുരം എന്ന പേരിലാണ് സ്ഥലം പതിച്ചുനൽകിയത്. 1977-ലാണ് ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചത്. ഉത്തരവിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമല്ല.

(സി)-(ഇ) ട്രസ്റ്റിന്റെ പേരിലല്ല പതിച്ചുനൽകിയത്.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

(635) സർക്കാർ സ്ഥലം പതിച്ചുനൽകുന്നതിനുള്ള മാനദണ്ഡം

ശ്രീ. പി.ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർവക സ്ഥലം ഏതെങ്കിലും സംഘടനകൾക്കോ, രാഷ്ട്രീയ പാർട്ടികൾക്കോ പതിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ പതിച്ച് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) സർക്കാർ ഭൂമി സംഘടനകൾക്കോ, രാഷ്ട്രീയ പാർട്ടികൾക്കോ പതിച്ചുനൽകാൻ തീരുമാനം കൈക്കൊള്ളാനുള്ള അധികാരം ആർക്കാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ പാർട്ടികൾക്കോ, സംഘടനകൾക്കോ, സർക്കാർ സ്ഥലം പതിച്ചുനൽകിയിട്ടുണ്ടെങ്കിൽ ഓരോ ജില്ലയിലും അങ്ങനെ പതിച്ചുനൽകിയ സ്ഥലത്തിന്റെ വിസ്തൃതി, സർവ്വേ നമ്പർ, വില്ലേജ്, പതിച്ചു നൽകിയ സംഘടനയുടെ പേര് എന്നിവ സംബന്ധിച്ച് വിശദവിവരം നൽകുമോ:

(ഡി) സർക്കാരിന്റെ മേൽനോട്ടത്തിൽ സ്മാരകങ്ങളോ, പ്രതിമകളോ സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാർ ഭൂമി നീക്കിവച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇതേ ആവശ്യത്തിന് മുൻ സർക്കാരുകളുടെ കാലത്ത് എപ്പോഴെങ്കിലും ഇതേപോലെ സർക്കാർ ഭൂമി ഉപയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 അനുസരിച്ചാണ് പതിച്ചു നൽകുന്നത്.

(ബി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 അനുസരിച്ച് പൊതുതാൽപര്യം മുൻനിറുത്തി സർക്കാർ സ്ഥലം പതിച്ചുനൽകുന്നതിനുള്ള അധികാരം സർക്കാരിനുണ്ട്.

(സി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഇല്ല.

(ഇ) ചോദ്യം ബാധകമല്ല.

(എഫ്) ഉണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ വടക്കേവിള വില്ലേജിൽ ശ്രീ. അയ്യൻകാളി പ്രതിമ സ്ഥാപിക്കുന്നതിനും ടി വില്ലേജിൽ മുൻ മന്ത്രി ടി.കെ. ദിവാകരൻ സ്മാരകം പണിയുന്നതിനും, കൊല്ലം ഈസ്റ്റ് വില്ലേജിൽ മുൻ മുഖ്യമന്ത്രി ആർ ശങ്കറിന്റെ പ്രതിമ സ്ഥാപിക്കുന്നതിനും മുൻ സർക്കാരുകൾ സ്ഥലം നൽകിയിട്ടുണ്ട്.

(712) മിനി വാട്ടർ സപ്ലൈ സ്കീം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ മിനി വാട്ടർ സപ്ലൈ സ്കീം പ്രകാരം എത്ര വാട്ടർ ടാങ്കുകൾ നിർമ്മിച്ച് ജലവിതരണം നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ജലവിതരണം മുടങ്ങിക്കിടക്കുന്ന എത്ര വാട്ടർ ടാങ്കുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly